# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 227 | 26.09.2016 -ൽ മറുപടിയ്ക്ക് |
|---|---|

### കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള<br>" എൻ.ഷംസുദീൻ<br>" പി.ബി. അബ്ദുൽ റസ്സാക്ക്<br>" പ്രൊഫ.ആബിദ്ഹുസൈൻ തങ്ങൾ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | കുട്ടികളെ മാതാപിതാക്കൾതന്നെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും ഭക്ഷണം നൽകാതെ പീഡിപ്പിക്കുകയും മറ്റുപീഡനങ്ങൾക്ക് ഇരയാക്കുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ-യെന്ന് വിശദമാക്കാമോ: | (എ) | കുട്ടികളെ മാതാപിതാക്കൾതന്നെ ഗുരുതരമായി പരിക്കേൽപ്പിയ്ക്കുകയും, ഭക്ഷണം നൽകാതെ പീഢിപ്പിക്കുന്നതും മറ്റുപീഢനങ്ങൾക്ക് വിധേയരാക്കുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ഇടപെടുകയും, പീഡനത്തിനിരയായ കുട്ടികൾക്ക് വേണ്ട ആശ്വാസ നടപടികളും തുടർ പ്രവർത്തനങ്ങളും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ എന്നിവ മുഖാന്തിരം നടത്താറുണ്ട്.<br>ഇടുക്കി ജില്ലയിൽ ഷഫീക് എന്ന കുട്ടിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും, ഷഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം പീഡനങ്ങൾ അവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചൈൽഡ് ലൈൻ ഉൾപ്പെടെയുള്ള സാമൂഹ്യ പ്രവർത്തനങ്ങൾ സജീവമായുള്ളപ്പോൾത്തന്നെ ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുകയും പുതുതലമുറ അതിനിരയാകുകയും ചെയ്യുന്ന അവസ്ഥയില്ലാതാക്കാൻ പുതുനടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ആക്ട്) പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും ഇത്തരം സംഭവങ്ങളിൽ കേസെടുക്കാവുന്നതാണ് |
| (സി) | ഇത്തരത്തിലുള്ള എത്ര കേസുകൾ ഈ വർഷം റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ? ; | (സി) | ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരിൽ നിന്നും ശേഖരിച്ച കണക്കുകൾ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു . |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 747 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 24 |
| കോട്ടയം | 9 |
| എറണാകുളം | 30 |
| ഇടുക്കി | 12 |
| തൃശ്ശൂർ | 60 |
| കോഴിക്കോട് | 2 |
| മലപ്പുറം | 17 |
| വയനാട് | 28 |
| കണ്ണൂർ | 0 |
| പാലക്കാട് | 7 |
| കാസർഗോഡ് | 23 |
| ആകെ | 990 |

സെക്ഷൻ ഓഫീസർ